# മൊഴി

ലിറ്റിൽ കൈറ്റ്സ്

ഗവ:ഗേൾസ് എച്ച് എസ്സ് എസ്സ്
മിതൃമ്മല

# എഡിറ്റോറിയൽ

ബഹുമാന്യരേ ,

ലോകമിന്ന് ആശയവിനിമയ രംഗത്ത് ദ്രുതഗതിയിലുള്ള മാറ്റത്തിന്റെ പാതയിലാണ് .സമസ്ത മേഖലയിലും മാറ്റം സ്പഷ്ടമാണ്.വിശിഷ്യാ വിദ്യാഭ്യാസ രംഗം ഡിജിറ്റൽ വിപ്ളവത്തിന്റെ അനന്തസാധ്യതകൾ ഉൾക്കൊണ്ട് മുന്നേറുകയാണ് , ഒപ്പം കേരളം അതിന്റെ നെറുകയിലും .സമഗ്ര വ്യക്തിത്വ വികസനം സാധ്യമാക്കിയുള്ള വിദ്യാഭ്യാസ പുരോഗതിയിൽ ഒരു നാഴിക കല്ലാണ് ഡിജിറ്റലൈസേഷൻ .നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെയും വിദ്യാരംഗത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ മൊഴി എന്ന ഡിജിറ്റൽ മാഗസിനിലൂടെ കുട്ടികളുടെ സർഗാത്മകതയെ വെളിച്ചം കാട്ടുന്നതിന് സഹായിച്ച സ്കൂളിലെ മഹത് വ്യക്തിത്വങ്ങളെയും മാർഗ്ഗദർശികളെയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ഈ മാഗസിന്റെ ഒരൊറ്റ താളുകളെയും സമ്പുഷ്ടമാക്കിയ വിദ്യാര്ഥിനികൾക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും പ്രത്യേക അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു .

എഡിറ്റോറിയൽ ബോർഡ്

# ആശംസ

ഭാവനാത്മകമാണ് കുട്ടികളുടെ ലോകം .പുതിയ ചിന്തകളും ആശയങ്ങളും ഉരുത്തിരിയുന്ന കാലം .പഠനത്തോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ സാഹിത്യ വാസന വളർത്തി എടുക്കേണ്ടത് അത്യന്താപേക്ഷിതമാണ് .കുട്ടികളുടെ സർഗ്ഗപരമായ കഴിവുകളെ പരിപോഷിപ്പിച്ച ഭാവനയുടെ നവലോകം സൃഷ്ടിക്കുന്ന ഈ ഡിജിറ്റൽ മാഗസിന് സർവ വിധ ആശംസകളും നേരുന്നു



**ബിന്ദു എസ്** (പ്രിൻസിപ്പൽ)

## ആശംസ

ലിറ്റിൽ കൈറ്റ്സ് – ഐ റ്റി തല്പരരായ കുട്ടികളുടെ ഈ കൂട്ടായ്മ മാറുന്ന വിദ്യാലയ അന്തരീക്ഷങ്ങളുടെ പുതിയ മുഖമാണ് .പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമാണത്തിന് വ്യത്യസ്തതയാർന്ന പ്രവർത്തനത്തിലൂടെ ധനസമാഹരണം നടത്തി മാതൃകയായവരാണ് നമ്മുടെ ലിറ്റിൽ കൈറ്റ്സ് .സഹപാഠികളുടെ സർഗാത്മക സൃഷ്ടികൾ നവസാങ്കേതിക വിദ്യകളുടെ സഹായത്തോടെ പുറം ലോകത്തെ അറിയിക്കാനുള്ള അവരുടെ ഈ പരിശ്രമത്തിന് എല്ലാവിധ ആശംസകളും ..



**ശ്രീകല സി എസ്** (ഹെഡ്മിസ്ട്രസ്സ് )

# ഉള്ളടക്കം


| | |
|---|---|
| അമ്മ | 6 |
| രാജ്യത്തിന്റെ കാവൽക്കാർ | 7 |
| തോരാമഴയത്തെ ദാരിദ്ര്യപെയ്ത്ത് | 8 |
| ഓണകാഴ്ച്ചകൾ | 9 |
| കണ്ണുനീർ | 10 |
| വായന പടുത്തുയർത്തിയ കേരളം | 11 |
| ആത്മഗതം | 14 |
| കൈവിടരുത് ഈ സഹാനുഭൂതി | 16 |
| ചിറകുകൾ തളരാതിരിക്കട്ടെ | 17 |
| തോൽക്കട്ടെ കലഹം | 18 |
| പ്രകൃതി | 19 |
| സാഫല്യം | 20 |
| മൗനം | 21 |
| മാലിന്യമുക്തകേരളം | 22 |
| മാതൃസ്നേഹം | 23 |
| പ്രകൃതിയുടെ രോദനം | 24 |
| മധ്യാഹ്നത്തിൽ മറഞ്ഞ സൂര്യൻ | 25 |
| മാമ്പഴക്കാലം | 26 |
| തുള്ളൽ | 27 |
| ഓർമയിലെ തുടിപ്പുകൾ | 28 |
| ഒരു യാത്രാ മൊഴി | 29 |
| IMPORTANCE OF SELF CONFIDENCE | 33 |
| TEACHER | 34 |
| NATURE | 35 |
| FRIENDSHIP | 36 |
| FANTASTIC FACTS | 37 |
| FUN FACTS | 38 |
| धरती की आँसू | 39 |

# അമ്മ

സോന.എസ്.യു , +1S.B

അമ്മക്കിളിയുടെ താരാട്ടുപാട്ടുഞാൻ
ഒന്നൊഴിയാതൊങ്ങു കേട്ടിരിക്കും
അമ്മമൊഴിയുന്ന നന്മതൻ വാക്കുകൾ
എന്റെ മനസ്സിൽ പതിഞ്ഞകാലം

കണ്ണേ പൊന്നേ എന്നുവിളിച്ചെന്റെ
കൂടെകളിച്ചു നടന്ന കാലം
സ്നേഹം പകർന്നുകൊണ്ടെന്നും കാവലായ്
ഒപ്പം കൂടെ നടന്നെന്നമ്മ

എന്നാലിന്നുഞാൻ എന്നമ്മയെ ഒരു
ഭാരമായ് കണ്ടിട്ടിറക്കിവിട്ടു.
നോട്ടവും മനസ്സിൽ വേദന ഞാനെന്റെ
സന്തോഷമായി കണ്ണുകളുട്ടി.

ആരോരുമില്ലാതെ തേങ്ങുന്ന ഞാനിപ്പോൾ
എന്നമ്മയിന്നെനിക്കോർമ്മ മാത്രം
ശാപമായ് തീർന്നെന്റെജീവിതമിന്നോളം
ശാപമായ് തന്നെ അവസാനിക്കും
ഇന്നു ഞാൻ കേണുകേണുകൊണ്ടിരിക്കുന്നു
അമ്മയെ ഒരു നോക്കു കാണുവാനായ്...

# രാജ്യത്തിന്റെ കാവൽക്കാർ

അനഘ.എ.എസ് , +2.S.A

ഉറക്കത്തിന്റെ അഗാധമായ താഴ്‌വരയിലേക്കിറങ്ങി ചെല്ലവേ വെടിവയ്പ്പുകളുടെ ശബ്ദവും നിലവിളിയുംകേട്ട് രാധിക പെട്ടെന്ന് ഞെട്ടിയുണർന്നു. അയ്യോ അമ്മേ എന്ന് നിലവിളിച്ചു കരഞ്ഞു. അവളുടെ അമ്മ ഓടി എത്തി. എന്താ മോളേ, എന്തിനാ നീ കരയുന്നത്? അമ്മ ഞാനൊരു ദുസ്വപ്നം കണ്ടു രാധിക പറഞ്ഞു. ജയേട്ടനെ ആരോ വെടിവയ്ക്കുന്നതായി ഞാൻ സ്വപ്നം കണ്ടു. അതോ, അത് മോള് ജയന്റെ കാര്യം മാത്രം ഓർത്തു കിടന്നതു കൊണ്ട് കണ്ടതാണ്. അമ്മ അവളെ സമാധാനിപ്പിച്ചു. അല്ല അമ്മേ, ജയേട്ടന് എന്തോ ആപത്ത് വരാൻ പോകുന്നു എന്ന് എന്റെ മനസ്സ് പറയുന്നു. ഒരു പട്ടാളക്കാരനായതുകൊണ്ട് അവരുടെ ജീവിതം വളരെ കഷ്ടപ്പാടു നിറഞ്ഞതല്ലേ അമ്മേ? രാധിക അമ്മയോട് ചോദിച്ചു. മോളേ, അല്ല എന്നു പറയാൻ ആർക്കാണു പറ്റുന്നത്. അവരുടെ ജീവിതം തീർത്തും കഷ്ടപ്പാടു നിറഞ്ഞതുതന്നെയാണ്. കാരണം നമ്മുടെ രാജ്യത്തെ സംരക്ഷിക്കുന്ന ഭടന്മാരാണ് അവർ. അവർ ഒന്നിനെയും ഭയക്കുവാൻ പാടില്ല എന്തിന്, മരണത്തിനെപ്പോലും. എന്തെന്നാൽ നമ്മളോരോരുത്തരുടെയും ജീവൻ ഇത്തരത്തിലുള്ള ഭടന്മാരുടെ കൈകളിലാണ്. അതുകൊണ്ട് തന്നെ രാജ്യത്തിന്റെ സുരക്ഷിതത്വം അവരുടെ കൈകളിലാണ്. അവർ ഒരു നിമിഷമൊന്നുറങ്ങിപ്പോയാൽ നാമോരോരുത്തരുടെയും സ്ഥിതി എന്താകും. അതു കൊണ്ട് തന്നെ പട്ടാളക്കാരുടെ ജീവിതം അത്യധികം ത്യാഗം നിറഞ്ഞതുതന്നെയാണ് എന്നതിലുപരി നാം മനസ്സിലാക്കേണ്ട മറ്റൊരു കാര്യമുണ്ട് അവരാണ് നമ്മുടെ രാജ്യമായ ഇന്ത്യയുടെ കാവൽക്കാർ, അവരാണ് നമ്മളോരോരുത്തരുടെയും കാവൽക്കാർ. നമ്മുടെ രാജ്യത്ത് കടന്നു വരുന്ന ഓരോ ദുഷ്ടന്മാരെയും നേരിട്ടു തോൽപ്പിക്കാൻ ചങ്കുറപ്പോടെ നിൽക്കുന്ന ധൈര്യശാലികളാണ് അവർ. അതുകൊണ്ട് തന്നെ ഒരു പട്ടാളക്കാരന്റെ ഭാര്യ ആയതിൽ നീ അഭിമാനിക്കണം എന്നാണ് രാധികയുടെ അമ്മ അവളോട് പറയുന്നത്.

ശരിയാണമ്മേ, ഞാനൊരു പട്ടാളക്കാരന്റെ ഭാര്യയാണ് എന്നതിൽ ഞാൻ, അഭിമാനിക്കുന്നു. എന്നാൽ എന്റെ ഭർത്താവിന് എന്തെങ്കിലും സംഭവിച്ചാൽ എനിക്ക് സഹിക്കാൻ കഴിയുമോ? അങ്ങനെയൊന്നും സംഭവിക്കില്ല മോളെ കാരണം അവർ നമ്മുടെ സുരക്ഷയ്ക്കായി നിൽക്കുക തന്നെ ചെയ്യും. മോള് സമാധാനമായി കിടന്നുറങ്ങ്. ജയൻ അടുത്താഴ്ച വരുമെന്നല്ലേ പറഞ്ഞത്. രാധിക കട്ടിലിൽ കിടന്നു ദൈവത്തോട് പ്രാർത്ഥിച്ചു, "ദൈവമേ സ്വന്തം ജീവിതം ബലിയർപ്പിച്ചു നിൽക്കുന്ന ഓരോ കാവൽക്കാരനെയും നീ രക്ഷിക്കണമേ".

# തോരമഴയത്തെ ദാരിദ്ര്യപെയ്ത്ത്

അശ്വനി.എസ് , 8.B

രാത്രിമുഴുവൻ തോരാത്തമഴയായിരുന്നു.ധൃതിപിടിച്ച് ഒരുങ്ങുന്ന കുട്ടി. അടുക്കളയിൽനിന്ന് എന്തൊക്കെയോ പാത്രങ്ങൾ താഴെവീണും പൊട്ടിയും പോകുന്ന ചടപട ശബ്ദങ്ങൾ. "അമ്മേ ഞാൻ പോവുന്നേ!" "ശരി ഉണ്ണി, സൂക്ഷിച്ച് പോണേ തോട്ടിലും വെള്ളം കയറിക്കിടക്കുകയാണ്. " അമ്മ പറഞ്ഞു."ശരി അമ്മേ"ഉണ്ണി മറുപടി പറഞ്ഞിട്ട് സ്കൂളിലേക്ക് പോയി. മഴ ചെറുതായി പെയ്യുന്നുണ്ട്. പകുതി വഴിയത്തിയപ്പോൾ ഒരു ഇളംകാറ്റ് വീശി."ഓ തണുക്കുന്നു."കുട്ടി മനസ്സിൽ മന്ത്രിച്ചു. അവൻ മുന്നോട്ട് നടന്നു. മഴ ഇതു വരെ ശമിച്ചിട്ടില്ല."എന്തൊരു തണുപ്പ്". അവൻ കുടപിടിച്ച് നടക്കാൻ തുടങ്ങി. പെട്ടെന്ന് ഒരു വണ്ടി ചീറിപാഞ്ഞുവന്നു. അവന്റെ ദേഹം മുഴുവൻ ചെളികൊണ്ടു നിറഞ്ഞു. തണുപ്പാൽ അവനെ പൊതിഞ്ഞിരിക്കുന്നു. ചൂടിനായവൻ അലഞ്ഞുനടന്നു. അപ്പോഴാണ് ഒരു വീട് അവൻ കണ്ടത്. വീട്ടിനുള്ളിൽ കയറിയപ്പോൾ രണ്ട് വൃദ്ധദമ്പതിമാരും ഒരു കുട്ടിയും ഉണ്ടായിരുന്നു. തണുപ്പ് അനുഭപ്പെടുന്നുള്ളതിനാൽ ഒരു പുതപ്പ് മാത്രമായിരുന്നു ആശ്രയം. ഇതു കണ്ട അവന് മനംനൊന്തു.താൻ വിറച്ചുനിൽ ക്കുന്നത് കാണുന്നവർ അവനുനേരെ പുതപ്പ് വെച്ചുനീട്ടി. അതിനുപകരം അവൻ തന്റെ ചോറുവെച്ചുനീട്ടി.

അവൻ തിരിച്ചു വീട്ടിലേക്ക് നടന്നു. കുറെ വർഷങ്ങൾക്കുശേഷം അവൻ കളക്ടറായി. ഇന്ന് അവൻ പട്ടിണിപാവങ്ങൾക്ക് ഭക്ഷണം കൊടുക്കുന്നു.ഇനിയാരും ദരിദ്ര്യമായിമാറരുത് എന്നാണ് അവന്റെ ആഗ്രഹം.

*ഒരു നേരത്തെ ഭക്ഷണം കൊടുക്കൂ !*
*ജീവിതം സഫലമാക്കൂ........*

# ഓണകാഴ്ച്ചകൾ

ആവണി.ഡി.വി (XII.S.A)

പുന്നെല്ല് വിളഞ്ഞു പഴുത്തു
ചെറുപുഞ്ചിരി ചുണ്ടിൽ വിരിഞ്ഞു.
കൊയ്ത്തരിവാൾ കൈകളിലേന്തി
പെണ്ണാള വരമ്പത്തെത്തി.

പഞ്ഞം പോയ് ദൂരെ മറഞ്ഞു
പൊന്നോണം വന്നു കഴിഞ്ഞു.
മാവേലി വിരുന്നു വരാനായ്
ഉത്രാട പൂവിരിയുന്നേ.

കതിർമണിയും ചുണ്ടിൽകൊത്തി
പായുന്നേ പച്ചക്കിളികൾ.
തെങ്ങോലയിലോലഞ്ഞാലി
ചാഞ്ചാടി രസിക്കുന്നല്ലോ.

പൊന്നോണ നിലാവത്തെങ്ങും
തിരുവാതിര മേളം കേട്ടേ.
പുലികളിയും വഞ്ചിപ്പാട്ടും
തകതിമി തെയ്യാരോ.

# കണ്ണുനീർ

നാജില മോൾ .എൻ.എസ് ( +2 )

തിനങ്ങിനിറഞ്ഞ് നിന്നൊരീ കാർമേഘം
പെയ്തു കണ്ണുനീർ തുള്ളിയായി.
ഉള്ളിലെ ദു:ഖം പുഴപ്പോൽ ഒഴുകി.
ആ പുഴകരകവിഞ്ഞൊഴികി നിൻ തുടുത്ത
കവിളിലൂടെ,

പിന്നെ ചേർന്ന അനന്തമാം വായുവിൽ...
വായുവാൽ ദഹിക്കപ്പെട്ട തുള്ളിയിൽനിന്നും,
വിരിഞ്ഞ ഒരു ചെറു പുഷ്പമായി
ചുണ്ടുകളിൽ ഒരു ചെറുപുഞ്ചിരി...

ആ പുഞ്ചിരിയാൽ തിളങ്ങി ഓരോ
മുഖവും കണ്ണീർ നനവില്ലാതെ,
കീഴടക്കീ ഈ ലോകത്തെ
ആ ചെറു പുഞ്ചിരിയാൽ.....

# വായന പട്ടുത്തുയർത്തിയ കേരളം

ആര്യശ്രീ.വി. എൽ 7.A



ഗ്രാമീണതയും കാർഷിക സംസ്കൃതിയും കൊണ്ട് സമ്പന്നമാണ് നമ്മുടെ കേരളം. കൃഷിലധിഷ്ഠിതമായ ഒരു സംസ്കാരമാണ് നമ്മുടേത്. ഉച്ചിയിലെ ചോര ഉള്ളംകാലിൽ വരുത്തി വിണ്ണിനു താഴെ മണ്ണിനോട് മല്ലടിച്ച്, അവർ നേടിയ കാർഷിക സംസ്കൃതി വാക്കുകൾ കൊണ്ട് വിവരിക്കാനാകുന്നില്ല. എന്നാൽ ആ കൊച്ചു കേരളത്തെ ഇന്നു കാണും വിധം പട്ടുത്തുയർത്തിയതിൽ " വായനയ്ക്കും " മഹത്തായ സ്ഥാനം നൽകേണ്ടതുണ്ട്.

വായിച്ചു വളരാം ചിന്തിച്ചു വിവേകം നേടാം. അക്ഷരങ്ങളെ പൂജിയ്ക്കാം, പുസ്തകങ്ങളെ സ്നേഹിക്കാം എന്നു ചൊല്ലി നമ്മളിൽ വായനാശീലം വളർത്തുന്നതിന് ഗ്രാമീണ ഗ്രന്ഥശാലകൾക്ക്മഹത്തായസ്ഥാനം ഉണ്ട്. വായനയോളം ചിലവുകുറഞ്ഞ മറ്റൊരു വിനോദോപാദികളില്ല. വായന നമുക്ക് നിത്യഫലം നൽകും. ആ ഫലത്തിന് അന്ത്യം ഇല്ല, അറുതി ഇല്ല.എന്നാൽ ഇന്നത്തെ സമൂഹം വായനയ്ക്ക് അതിലുപരി വായനശാലകൾക്ക് പുല്ലുവിലയാണ് നൽകുന്നത്.ഗ്രന്ഥശാലകളെ പാടെ തുടച്ചുനീക്കാൻ

ആഗ്രഹിക്കുന്നു. ഗ്രന്ഥശാലകളെ കാണാനോ കേൾക്കാനോ അറിയാനോ സന്ദർശിക്കാനോ ഉള്ള അവസരങ്ങൾ നഷ്ടപ്പെടുന്നതു മൂലമാണ് ഇന്നത്തെ സമൂഹം ഗ്രന്ഥശാലകളെ തുടച്ചു നീക്കുന്നത്.

ഗ്രന്ഥങ്ങളും ഗ്രന്ഥശാലകളും വായനയുമാണ് ഒരുവനെ അവനാക്കി മാറ്റുന്നത്.എന്നാൽ "ഓൺലൈൻ പഠനവും അത്യാധുനിക സംവിധാനങ്ങളുമടങ്ങിയ സഹായ വെബ്സൈറ്റുകളും." മനുഷ്യനെ ഗ്രന്ഥങ്ങളിൽ നിന്നും ഗ്രന്ഥശാലകളിൽ നിന്നും അതിലുപരി വായനയിൽ നിന്നും മാറ്റിനിർത്തുന്നു.ഫോൺ ജീവികളായി മാറുന്ന സമൂഹത്തിന് 'വായിക്കാൻ സമയമില്ല.' എന്നാണ് അവരുടെ വാദം. ശരിക്കും വായിക്കാൻ സമയമില്ലെന്നു പറയുന്നയാൾ ബുദ്ധിപരമായി ആത്മഹത്യ ചെയ്യുന്നു എന്ന് തോമസ് ഡ്രൈവർ പറഞ്ഞത് ഇന്നത്തെ സമൂഹത്തിന്റെ ചെയ്തികളറിയുമ്പോൾ ശരിയെന്നു തോന്നുന്നു.

എന്നാൽ വായനയിലെ കുറവ് ഉളവാകുന്ന മാറ്റങ്ങൾ നമ്മുടെ സമൂഹത്തിൽ അമിതമായി കാണുന്നു. അക്രമരഹിതമായിരുന്ന സമൂഹത്തിൽ ഇന്നു കേൾക്കാനുള്ളത് അക്രമങ്ങളും വെട്ടും കുത്തും മാത്രം . വായനയുടെ അഭാവമാണ് ഇതിനുകാരണം.പണ്ടത്തെ സമൂഹത്തിനെപ്പോലെയായിരുന്നു നമ്മുടെ ഇന്നത്തെ സമൂഹമെങ്കിൽ നന്ന് അന്ന് വായിക്കാത്തതായി ആരുമുണ്ടായിരുന്നില്ല. കർഷകർ മുതൽ ഉന്നത ഉദ്യോഗസ്ഥർ വരെ വായിക്കാൻ സമയം കണ്ടെത്തുമായിരുന്നു. അന്നത്തെ ഗ്രന്ഥശാലകൾക്കു പിന്നിൽ പ്രവർത്തിച്ചിരുന്നത് തൊഴിലാളി സഖാക്കൻമാർ ആയിരുന്നു.ഗ്രന്ഥശാലാ പ്രവർത്തനങ്ങളിൽ സജ്ജീവമായിരുന്നു അവർ.

ഇന്നത്തെ സമൂഹത്തിൽ ഗ്രന്ഥശാലകൾക്കുവേണ്ടി ഉണർന്നു പ്രവർത്തിക്കാൻ പോലും ആരും തയ്യാറല്ല. ജീവിതാനുഭവങ്ങൾ മഷിപ്പാത്രമാക്കി എഴുതുന്നവരുടെ സൃഷ്ടികളെ തിരിഞ്ഞു നോക്കാൻ പോലും ആരുമില്ല, ഇന്നത്തെ സമൂഹം ഗ്രന്ഥശാലകളെ മാത്രമല്ല വായനയെ പൂർണ്ണമായും ഉപേക്ഷിക്കുന്നു.

*"വായനയോളം നിത്യഫലം തരുന്ന ചിലവുകുറഞ്ഞ മറ്റൊരു വിനോദോപാധിയും ഇല്ല."* എന്ന ലേഡിയുടെവാക്കുകൾ ശരിവയ്ക്കുന്നവർക്ക്

കാണാനാകും."വായനമഹത്താണ്,ബൃഹത്താണ്,വായിക്കാം,വളരാം." വായന ആണ് ഒരുവന്റെ ആധാരം. അവനെ അവനാക്കുന്ന സർട്ടിഫിക്കറ്റ്. ഇത്തരം സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നത് ഗ്രന്ഥശാലകളിൽ നിന്നാണ്. ആ ഗ്രന്ഥശാലകൾ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.കുറെ വിഷയങ്ങളെപ്പറ്റിയുള്ള എല്ലാ കാര്യങ്ങളും എല്ലാ വിഷയങ്ങളെപ്പറ്റിയുമുള്ള കുറെ കാര്യങ്ങളും നാം മനസ്സിലാക്കിയിരിക്കണം. എന്നാൽ അതിനു വെറുതെ വായിച്ചാൽ പോര. സദാചാരബോധത്തെ സംസ്കരിക്കാനും ജീവിതചര്യകൾ ക്രമീകരിക്കാനുമല്ലാതെ എന്തെങ്കിലും വായിക്കുന്നത് ഉറങ്ങുന്നതിന് തുല്യമാണ്.അതിലും നന്ന് ഉണർന്നിരുന്ന് വായിക്കുന്നതാണ്. ആ വായന നമ്മെ ഉയരങ്ങളിലെത്തിക്കും. ഇത്തരത്തിൽ, ഉയരങ്ങളിലെത്തണമെങ്കിൽ പരക്കെയുള്ള വായന അത്യാവശ്യമാണ്. ഈ സന്ദർഭത്തിൽ നമുക്കുപയോഗിക്കാവുന്ന വിജ്ഞാനകോശമാണ് ഗ്രാമീണഗ്രന്ഥശാലകൾ. അവിടെനിന്ന് ലഭിക്കാത്ത അറിവുകളായി ഒന്നും തന്നെ ഇല്ല.

എന്നാൽ ഇന്നത്തെ സമൂഹം ഗ്രാമീണഗ്രന്ഥശാലകളെ പൊതുവേ അവഗണിക്കുന്നു,അവഹേളിക്കുന്നു,അപമാനിക്കുന്നു. ഗ്രന്ഥശാലകളുടെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. ഗ്രന്ഥശാലകൾക്ക് ചവറ്റുകുട്ടയിൽ സ്ഥാനം നൽകുന്നു. അവഹേളനങ്ങൾ ഈ സമൂഹത്തിൽ നിന്ന് നേരിടുകയാണ് നമ്മുടെ ഗ്രന്ഥശാലകൾ.

അവയെ സ്നേഹിക്കുക സംരക്ഷിക്കുക. ഗ്രാമീണ ഗ്രന്ഥശാലകൾക്ക് പ്രോത്സാഹനമേകാം അവയെ പ്രചോദിപ്പിക്കാം. നല്ലൊരു സമൂഹത്തെ പടുത്തുയർത്താൻ അവയെ തുണയ്ക്കാം ഗ്രാമീണ ഗ്രന്ഥശാലകളെ പരിപാലിക്കാം, പരിലാളിക്കാം.....

# ആത്മഗതം

നൗഫിയ എസ് , +2SA

പരീക്ഷക്കാലം മുന്നിൽ കണ്ട് ചോദ്യക്കടാലാസും ലാബുകളും ഹോംവർക്കും ഇംബോസിഷനുകളുമായ് നടക്കുന്ന പ്ലസ് ടു സയൻസിലെ കുട്ടികളോട് രചനകൾ നടത്താൻ ആവിശ്യപ്പെടുന്നത് എന്നവൾ ഉറപ്പിച്ചു. യേശുദാസിനോട് നൃത്തം ചെയ്യാനും മൈക്കിൾ ജാക്സനോട് കവിത രചിക്കാനും പറയുന്നത് പോലെയാണ് ഒരവയവത്തിൻെറ നിരന്തര ഉപയോഗം അതിലൻെറ ക്ഷമത വർദ്ധിപ്പിക്കുകയും അല്ലാത്തപക്ഷം അത് ദ്രവിച്ചുപോവുകയും ചെയ്യുമെന്ന പ്രധാനപ്പെട്ട പരിണാമ സിദ്ധാന്തമാകുമോ തനിക്കുണ്ടായിരുന്ന രചനവൈഭത്തെ കവർന്നെടുത്തത്? അവൾ ചിന്തിച്ചുകൊണ്ടെയിരുന്നു. ഏതേത് മേഖലയിലായാലും ഒരാൾക്കുള്ള വൈഭവം അതുമായുള്ളനിരന്തര സമ്പർക്കത്തിലൂടെ വർദ്ധിക്കുന്നു. സ്ഥിരമായോ, ആല്ലങ്കിൽ നിശ്ചിത ഇടവേളകളിലോ എഴുതുന്നയാൾക്ക് ഉച്ചയൂണിന് ശേഷമുള്ള ആദ്യ പീരിഡായാലും അതിമാനോഹരമായ കവിത രചിക്കാനാകും. എന്നാൽ ജീവിതത്തിൽ ഒരിക്കൽ പോലും ഒരു കാവ്യാത്മകമായ വരിപോലും എഴുതാത്തവൻ പുലർച്ചെ നാലുമണിക്ക് തന്നെ ആ യത്നം തുടർന്നാലും അത് ഫലത്താവുകയില്ല. ഹയർസെക്കൻെറി സിലബസ് മുഴുവാനായും ഇംഗ്ലീഷ് ഏറ്റെടുതാത്തോടെ ഓരോ വിദ്യാർത്ഥിക്കും മലയാളം എഴുത്താനുള്ള അവസരങ്ങൾ കുറഞ്ഞുവരുന്നു. ഒരു പക്ഷെ ചിലരുടെയെങ്കിലും പേനയിൽനിന്ന് മലയാളഅക്ഷരങ്ങൾ അടർന്നുവീഴുന്നത് മലയാളം പരീക്ഷഹാളിൽ മാത്രമാണ്. വീട്ടിൽ നിന്ന് സ്കൂളിലേക്കും ,സ്കൂളിലെ ഗണിതമാന്ത്രികലോകത്തും,ന്യൂട്ടൻെറ ചലനനിയമങ്ങളിലേക്കും,ഓർഗാനിക്ക് കെമിസ്ട്രിയുടെ ശാഖകളിലൂടെയും , മനുഷ്യൻെറയും മരത്തിൻെറയും ശരീരത്തിനകത്തേയ്ക്കും വിദ്യാർത്ഥികൾ അക്ഷീണയാത്ര തുടരുന്നു. ഈ യാത്രകളിലെവിടെയോ വച്ചവർ കണ്ടുമുട്ടുന്ന പിപ്പറ്റും കോണിക്കൽ ഫ്ലാസ്കും കുട്ടിന് കെമിസ്ട്രിലാബിൻെറ അട്ടഹാസങ്ങളും ,ലെൻസുകളും മീറ്ററുകളും, മീറ്റർ ബ്രിഡ്ജുകളും വിദ്യാർത്ഥിയുടെ തൊണ്ടയിൽ കുടുങ്ങുന്നു. നിരന്തരം ഇവകളെ മാത്രം കണ്ടുവരുന്ന വിദ്യാർത്ഥികളുടെ കണ്ണിൽ ശൂന്യതയിലപ്പുറം കവിത പോയിട്ട് ' ക ' പോലുമുണ്ടാകില്ല. മലയാളത്തിൻെറ ഉപയോഗം കുട്ടികളിൽ കുറഞ്ഞുവരുന്നു. അവർ മലയാളം

കൃതികൾ രചിക്കുന്നതിൽ നിന്നു പിൻതിരിഞ്ഞിരിക്കുന്നു. പദങ്ങളുടെ ദാരിദ്ര്യവും ആശയങ്ങളുടെ ദാരിദ്ര്യവും അവരെ വലിഞ്ഞുമുറുക്കുന്നു. അതേ സമയം എല്ലാവിഷയങ്ങളും ഇംഗ്ലീഷിൽ പഠിക്കുന്ന കുട്ടികളോട് മലയാളകവിതയുടെ ഒരു ഖണ്ഡിക ഇംഗ്ലീഷിൽ തെറ്റു കൂടാതെ എഴുതുവാൻ പറഞ്ഞാൽ ഭൂരിഭാഗം പേർക്കും തെറ്റും തീർച്ച! ചില കവികൾക്ക് കവിതയെഴുതാൻ കടുത്ത നിശബ്ദതവേണമായിരുന്നു. അതേ സമയം വൈക്കം മുഹമ്മദ് ബഷീറിനെ പോലുള്ളവർ തീവണ്ടിയുടെ ബോഗികളിലെ അനന്തമായ തിരക്കുകൾക്കിടയിലും അതിമനോഹരമായ രചനകൾ നടത്തിരുന്നു. താനെന്തായാലും ബഷീറിനെപോലെയല്ലന്ന് തീർച്ച. ആശയദാരിദ്രം ഒരു വലിയ പ്രശ്നം തന്നെയാണ്. ഒരു പക്ഷെ ഇത്തരത്തിലുള്ള ആശയ ദാരിദ്ര്യമാകണം ഓരോ കവികളെയും പഴയവീഞ്ഞ് പുതിയ കുപ്പിയിൽ എന്ന പോലെ കൃതികൾ പകർത്തി എഴുതിക്കുന്നത്. സ്കൂൾ മാഗസിനു വേണ്ടി എന്തെങ്കിലുമൊരു സംഭാവാന നൽക്കാൻ ആരോനൽകിയ കടലാസിലെ വരികൾ തീരാറായപ്പോൾ അവൾ അവളുടെ ചിന്തകൾക്ക് ഫുൾസ്റ്റോപ്പിട്ടു.

# കൈവിടരുത് ഈ സഹാനുഭൂതി

ആര്യനന്ദ എസ് എസ് , XII.S.A

അയാൾ ദിവസവും പാർക്കിങ് ഗ്രൗണ്ടിലെത്തും.സാങ്കൽപ്പികമായി കാർ പാർക്ക് ചെയ്യും.പൂട്ടി താക്കോൽ എടുക്കുന്നതായി ഭാവിച്ച് പുറത്ത് പോകും.വിചിത്രമായ ഈ കാഴ്ച കണ്ടുനിന്ന അപരിചിതൻ കാവൽക്കാരനോട് ചോദിച്ചു ' അയ്യാൾ എന്താണ് ചെയ്യുന്നത്? മനോനില തെറ്റിയയാളാണ്. എല്ലാ ദിവസവും വന്ന് ഇങ്ങനെ ചെയ്യും. കാവൽക്കാരൻ പറഞ്ഞു. അപരിചിതൻ ചോദിച്ചു, നിങ്ങൾക്കത് പറഞ്ഞു കൊടുത്തുകൂടെ? കാവൽക്കാരന്റെ മറുപടി, ഞാൻ എന്തിന് പറഞ്ഞു കൊടുക്കണം. അയ്യാൾ ദിവസവും പാർക്കിങ് ഫീസ് തരും. ആഴ്ചയിലൊരിക്കൽ കാർ കഴുകുന്നതിന് നൂറു രൂപ വേറെയും.

നിവൃത്തികേടുള്ളവനെ ചൂഷണം ചെയ്ത് അവന്റെ ശവകുടീരത്തിനു മുകളിൽ സിംഹാസനം പണിത് ഇരിപ്പുറപ്പിക്കുന്ന അവസരവാദികളാണ് നന്മയുടെ അവസാന കണികയും ഇല്ലാതാക്കുന്നത്. അനുകൂലമായ എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കെ അതിൽ നിന്ന് മുതലെടുപ്പ് നടത്താത്തവരാണ് വിശുദ്ധർ . ഒരു നാട്ടിൽ ഒരാൾ വിശന്ന് വലഞ്ഞോ കിടപ്പാടം ഇല്ലാതെയോ, സമനില നഷ്ടപ്പെട്ടോ ചുറ്റിത്തിരിയുന്നുണ്ടെങ്കിൽ അത് ആ നാടിന്റെ പൊതു മനോഭാവമാണ് വ്യക്തമാക്കുന്നത്. ഒന്നും തിരിച്ച് തരാൻ ശേഷിയില്ലാത്ത , നന്ദിവാക്കുപോലും പറയാൻ അറിയാത്ത ആളുകളോട് കാണിക്കുന്ന സഹാനുഭൂതിയാകും ഏറ്റവും വിശിഷ്ടമായ സൽക്കർമ്മം.

# ചിറകുകൾ തളരാതിരിക്കട്ടെ

അനശ്വര.എസ്സ്.എ , +2 S A

ചിന്തകൾ പൂക്കുന്ന ചില്ലകളിൽ
ചേക്കേറുന്ന കിളികളോട്
ചിറകുകൾക്ക് ഭാരമില്ലെങ്കിൽ
പറന്നുകൊള്ളൂ ആകാശത്തേക്ക്
അവിടെ തളർന്നിരിക്കുവാൻ
മരങ്ങളോ ചില്ലകളോ ഇല്ല
സ്വപ്നങ്ങളുടെ വിഹായസ്സിൽ
പറന്നുയർന്ന് ആകാശഗോപുരങ്ങൾ
സ്വന്തമാക്കി അവയിൽ ചേക്കേറി
വിസ്മയങ്ങളാക്കുവാൻ ചിറകുകൾ
തളരാതിരിക്കട്ടെ.

# തോൽക്കട്ടെ കലഹം

ആര്യനന്ദ.എസ്.എസ് XII S.A

വനമധ്യത്തിലെ ഉറവയിൽനിന്നും വെള്ളം കുടിക്കാൻ സിംഹവും കരടിയും എത്തിയത് ഒരേ സമയം. ആരാദ്യം കുടിക്കും? തർക്കമായി അടിപിടിയായി ഏറെ നേരത്തെ പോരിനൊടുവിൽ അവർ തളർന്നിരുന്നു. ഒരു ശബ്ദം കേട്ട് മുകളിലേക്ക്നോക്കിയപ്പോൾ അതോ കഴുന്മാർ വട്ടമിട്ട് പറക്കുന്നു. സംഭവിക്കാൻ പോകുന്ന അപകടം ഇരുവർക്കും മനസ്സിലായി. വഴക്ക് നിർത്തി ഓരോരുത്തരായി വെള്ളം കുടിച്ച് ഗുഹയില്ലേയക്ക് മടങ്ങി.

സൗഹൃദങ്ങൾ രൂപപ്പെടേണ്ടത് കർമ്മവീഥിയിലൂടെ തെളിയിക്കപ്പെടേണ്ടത് പ്രതീക്ഷകളിലൂടേയാണ്. അഹംബോധവും ആദർശവൈരുധ്യങ്ങളും കൂട്ടി മുട്ടുന്നിടത്ത് തനതു നിലപാട് പ്രസക്തമാകും. ഒരാളുടെ ഇഷ്ടം മറ്റൊരാളുടെ അനിഷ്ടമാക്കുന്നിടത്തും വാഗ്വാദങ്ങൾ ഉടലെടുക്കും. ഭിന്നതകൾക്കിടയിലും ഒരുമിച്ച നിൽക്കാൻ കഴിയുന്നപൊതുകാരണത്തെ വിളിക്കേണ്ട പേരാണ് സൗഹൃദം. അന്ധമായ ബന്ധങ്ങൾ അന്ധമായ ശത്രുതയിൽ അവസാനിക്കും. അനുദിന കർമങ്ങളിൽനിന്നും നിരന്തര സമ്പർക്കങ്ങളിൽ നിന്നും രൂപപ്പെന്ന ചങ്ങാത്തങ്ങൾക്കു ദീർഘായുസ്സ് ഉണ്ടാകുമെന്നില്ല. കർമംപൂർത്തിയാക്കുമ്പോഴോ അവ ഇല്ലാതാകും.പൊതുശത്രുവിന് ഒരു ഗുണമുണ്ട്, അത് പലശത്രുക്കളെയും ഒരുമിപ്പിക്കും. പോരടിച്ച് വീഴുന്നത് കാണാൻ കാത്തിരിക്കുന്ന ശവം തീനികൾ ഒരു സാധാരണ കാഴ്ചയാണ്. അപരന്റെ തോൽവിയുടെ അടിത്തറയിൽ നിന്ന് സ്വന്തം സൽപേര് പണിതുയർത്താൻ ശ്രമിക്കുന്നവരെക്കുറിച്ച് ജാഗ്രതയുണ്ടാകണം.

കലഹിച്ച് തോൽക്കാൻ വേണ്ടി മാത്രമായി, അനുദിന പ്രവർത്തികൾ മാറാതിരിക്കട്ടെ. ആവശ്യമുള്ളതിനു വേണ്ടി മാത്രം പടവെട്ടുക. അല്ലാത്തവയെ അവഗണിക്കുക.

# പ്രകൃതി

അനന്യ എ എസ് ,+2.S.A

ഒരു ചെറുപ്പൂവിനെ പോലെ
പുഞ്ചിരിച്ചു നിൽക്കും പ്രകൃതിയാം.
മാതാവ് ഒരു സുന്ദരി
കാടിന്റെ മക്കളാം കാട്ടാളൻമാർ.
ക്കവളൊരു അമ്മയാം പ്രകൃതി
നമ്മിൽ ജീവാംശമായി തഴുകും മാതാവാം അവൾ.

നാം ഓരോ മനുഷ്യനും ചൂഷണം
ചെയ്യുന്ന മാതാവാം അവൾ.
എന്തിട്ടും നമ്മോട് പ്രതികരിക്കാതെ
നമ്മെ തഴുകുമാം മാതാവ്.
ഇനിയെത്ര നാൾ നാം നമ്മുടെമാതാവിനെ കാണും.

# സാഫല്യം

കാർത്തിക ആർ എസ് , XI.S.B

നിൻ മനസ്സിൻ ചില്ലയൊന്നിൻ
കൂടണയും പൊൻനിലാവെ
നിന്നിനിയും നിൽപ്പുനിന്നിൽ
സ്നേഹനാളമായി നീ തെളിയേണമേ
എന്നുമിനി നീ എന്നിൽ
നീർമണിയായി തുളുമ്പേണമേ

നിൻ മനസ്സിൽ ചില്ലയിൽ
നിന്നു ഞാനാ നിലാവെളിച്ചം കണ്ടുനിൽക്കേ
നിൻ നീലവാനിൽ
പൊൻതാരകമായി ഞാനിതാ വന്നുനിൽപ്പൂ.....
ഇനിയും പൂവണിയാൻ
ഞാനിതാ നിൻ കാൽപ്പാദം തേടുന്നു.

# മൗനം

ഷിഫ.എൻ.എസ് , XII.S.A

എന്തിനും ഉത്തരം മൗനമെങ്കിൽ
നിൻ മനം ചിന്തകളാൽ മുഴുകിക്കിടന്നു.
വാക്കുകൾ നിൻമൊഴിയിൽ നിന്നും അകലുന്നു
നിൻ മനം മൗനത്തേ ഉണർത്തീടുന്നു.
ആർക്കാണു മൗനം നിനക്കോ അതോ,

നിൻ ഉള്ളിലെ ഭ്രാന്തമാം ചിന്തകൾക്കോ
മൗനം നമ്മെ മൂടുമ്പോൾ.
സുന്ദരമാം സ്വപ്നങ്ങൾ തളിർക്കുന്നു
പറയാൻ അറിയാത്ത ഉത്തരങ്ങൾ.
മൗനത്തെ ഉണർത്തീടുന്നു.

# മാലിന്യമുക്തകേരളം

തീർത്ഥ ആർ നായർ , +1 SB

മാലിന്യം എന്നൊരു പേരുകേട്ടാൽ
മാലിന്യമുക്തബോധവും നാം.
മാലിന്യമുക്തബോധരായെത്തുകാര്യം
മാനവർതൻ മാലിന്യം മാറ്റേണം നാം.
മാനവർ തൻമാലിന്യം മാറ്റുവാനായി
മാനവരായിറങ്ങേണം നാം.
മാനവരായിറങ്ങീടുവാൻ
മാനവമാനൊസ്സന്നായിടെണം.
മാനവമനസ്സ് ഒന്നായിടുവാൻ.
മാനവരായ നാം പ്രതിജ്ഞ ചെയ്യാം.
മാറ്റാം ഭൂമിയെ മാറ്റിയേക്കാം.
മാലിന്യ മുക്തമായെന്നുമെന്നും.

# മാതൃസ്നേഹം

സൂര്യ .s ,  +2 SA

ആറുവർഷങ്ങൾക്കു ശേഷം നാട്ടിലേക്കുള്ള എന്റെ യാത്ര മനസിനെവല്ലാതെ അസ്വസ്ഥനാക്കുന്നു . കുറ്റബോധമാണോ അതോ സ്വയം തന്നോടുതന്നെതോന്നുന്ന വെറുപ്പാണോ? സാഹചര്യങ്ങളുംഅതിന്റെ ടെ പിടിമുറുക്കങ്ങളുമെല്ലാം വിധിയുടെ വിളയാട്ടമായിരാക്കാം എന്ന തിരിച്ചറിവാകും. ഉത്തരം കിട്ടാത്ത ചോദ്യത്തിനു മുന്നിൽ പകച്ചുനിന്നപ്പോഴും തിരികെപോകാൻ അനുവദിക്കാത്തത്. കാലങ്ങൾ എത്രയോകടന്നുപോയി. എങ്കിലും കാഴ്ചകളൊന്നും എനിക്ക് അപരിചിതമായിരുന്നില്ല. പക്ഷേ ഓരോ കാഴ്ചയും എന്റെ ഹൃദയത്തിന്റെ ചുമരുകളിൽ ഓരോ സത്യങ്ങൾ കുറിച്ചു. കുഴകളുടെ അതിർവരമ്പുകളിൽ നിന്നും ഉത്ഭവിച്ച ആ ശബ്ദം എന്റെ കാതുകളെ കരിമ്പിരി കൊള്ളിച്ചു. എവിടയോ കേട്ടുമറന്ന ആശബ്ദം എന്നിലേക്കടുത്തപ്പോൾ ഹൃദയം കൊണ്ട് ഞാൻ തൊട്ടറിഞ്ഞു ആ സാമിപ്യം.എന്റെ ചുണ്ടുകൾ വിങ്ങി കണ്ണുകൾ വിതുമ്പി. കണ്ണിൽ ഇരുട്ട് പടർന്നു.

അന്ധകാരത്തിന്റെ അഗാധതയിൽ നിന്നും തിരിച്ചെത്തിയപ്പോൾ എല്ലാം അവ്യക്തമായിതോന്നി. “സാർ തറവാടെത്തി ". ഡ്രൈവറിന്റെ വാക്കുകൾ എന്റെ കണ്ണിൽ ആകാംഷയുടെ ഓരു വലയമണ് തീർത്തത്.പിടിവാശിക്കാരനായ ആ ബാലന്റെ കാതുകളിൽ താരാട്ടുപാട്ടിന്റെ ഈണം മുഴങ്ങി.

# പ്രകൃതിയുടെ രോദനം

അനഘ ശശിധരൻ , 8B

ചുട്ടെരിച്ചില്ലേ നിങ്ങൾ ചുട്ടെരിച്ചില്ലേ
എന്റെ സ്വപ്നങ്ങളെല്ലാം ചുട്ടെരിച്ചില്ലേ
അക്കരെ കുന്നിൻ നെറുകയിലുള്ളൊരു
കൊച്ചു തേൻമാവിൻ കൊമ്പിലിരുന്നൊരു
തത്ത കേഴുന്നതും കേൾക്കുന്നില്ലേ
ഇക്കരെ പുഴയുടെ ഓരത്തിരുന്നൊരു
തവള കേഴുന്നതും കേൾക്കുന്നില്ലേ
താളപ്പിഴകൾക്കിടയിലും ഞാൻ
പാടുന്നു എൻമനം നൊന്തുകൊണ്ട്
അർത്ഥ ശൂന്യമായി എൻ ജീവിതം
ജീവിതത്തിന്റെ താളപ്പിഴകളെ
ഞാനിതാ പാടുന്നു വെമ്പലോടെ
തീരുന്നു എൻ ജീവിതം
തിരയുന്നു ഞാൻ ഒരു സ്വർഗ്ഗജീവിതം

# മധ്യാഹ്നത്തിൽ മറഞ്ഞ സൂര്യൻ

അപർണ.ബി.ആർ , +1.S.B

സംഗീത പ്രണയികളുടെ ഹൃദയതന്ത്രികളിൽ നോവിന്റെ ശ്രുതിമീട്ടി ആ അതുല്യ പ്രതിഭ വിടവാങ്ങി. വിശ്വസിക്കാനാകുന്നില്ല. ആ വയലിൻ സംഗീതം നിലച്ചു എന്ന്.ബാലഭാസ്കർ, ഞങ്ങളുടെ പ്രിയപ്പെട്ട ബാലുച്ചേട്ടൻ. സിദ്ധികൊണ്ട് വയലിനിൽ തനതായൊരു വാദനശൈലിക്ക് ഇങ്ങനെ ഒരു അവസാനം ആരും പ്രതീക്ഷിച്ചിരുന്നില്ല.

തന്റെ മാന്ത്രിക വിരലുകൾ കൊണ്ട് ജനമനസുകളെ കീഴടക്കാൻ അദ്ദേഹത്തിന് നിഷ്പ്രയാസം കഴിഞ്ഞു. സംഗീതത്തിന്റെ എല്ലാം കൂട്ടിയോജിപ്പിച്ചൊരു ജനപ്രിയ സംഗീതമായിരുന്ന അദ്ദേഹത്തിന്റേത്. ക്ലാസിക്കൽ ഫ്യൂഷന് നവ്യമായൊരു തലമുണ്ടാക്കിയതോടെ അദ്ദേഹമുള്ളടത്തേക്ക് ആരാധകർ ഒഴുകിയെത്തി. അങ്ങനെ ബാലുച്ചേട്ടനും ആരാധകർക്കും ഇടയിൽ അകലം ഇല്ലാതെയായി. സംഗീതത്തിന്റെ സാങ്കേതികതയിൽ നിന്നുകൊണ്ട് ആത്മാവ് നഷ്ടപ്പെടുത്താതെ തന്റെ സംഗീതത്തെ അദ്ദേഹം കാത്ത്പോന്നു.

നോവിന്റെ ഈണം ബാക്കിയാക്കി ബാലഭാസ്കർ മടങ്ങിയെന്ന വാർത്ത ഒരു ഞെട്ടലോടെയാണ് ലോകം ഏറ്റുവാങ്ങിയത്.ദേശീയപാതയിലെ പള്ളിപ്പുറം സി.ആർ.പി.എഫ് ക്യാമ്പ് ജങ്ഷനും സെപ്റ്റംബർ 25-ഉം പുലർച്ചെ നാലുമണിയും എല്ലാം ജീവിതത്തിലെ വേദനിപ്പിക്കുന്ന ഓർമകളായി എന്നും അവശേഷിക്കും. വയലിൻ നെഞ്ചോട് ചേർത്തുപിടിച്ച് അദ്ദേഹത്തിന്റെ ശരീരം അഗ്നിനാളങ്ങൾ ഏറ്റ് വാങ്ങിയപ്പോൾ " ഭൂമിയിൽ ശബ്ദമുള്ളടത്തോളം അദ്ദേഹത്തിന് മരണമില്ല "എന്ന ധ്വനി എങ്ങും മുഴങ്ങിക്കേട്ടു.

# മാമ്പഴക്കാലം

സബീന.കെ.എസ് ,+2.S.A

എൻ മനസ്സിന്റെ വീണയിൽ
ശ്രുതികൾ മീട്ടുമ്പോൾ ഒരു
മധുര സംഗീതമായ് എൻ മനസ്സ് പാടുന്നു.
മാമ്പഴക്കാലത്തിൻ മാധുര്യം നിറഞ്ഞ ഓർമകൾ.

മധ്യ വേനലവധിയിൽ ആടിപ്പാടി നടക്കുമ്പോൾ
രുചിയറിഞ്ഞ് നുകർന്ന് തിന്നുവാൻ
ഒരു കൂട്ടായി മാങ്ങയും മാമ്പഴവും.
അണ്ണാറക്കണ്ണനും പച്ചപ്പനന്തത്തക്കിളിയും
പാതി തിന്നെറിഞ്ഞ മാമ്പഴവും.

മാവിൻ ചുവട്ടിൽ നീളെ കിടക്കുന്നക്കാഴ്ച്ച
മാമ്പഴക്കാലത്തിൽ എന്തുരസം.
ദേശാടനക്കിളികളെ വരവേൽക്കുവാൻ
അവർക്ക് മധുരമേറുവാൻ ഓരോ
മാമ്പഴവും ആർത്തിയോടെ കാത്ത് നിൽക്കും.

വിഷുദിനത്തിൽ കൃഷ്ണനെ
കണികണ്ടുണരുമ്പോൾ ഒരു കണ്ണിയായ മാമ്പഴവും.
ഇങ്ങനെയെത്രയോ മാമ്പഴക്കാലത്തിൻ
മാധുര്യം നിറഞ്ഞ ഓർമകൾ എൻ മനസ്സിന്റെ
വീണയിൽ ശ്രുതികൾ മീട്ടുന്നു.

# തുള്ളൽ

ശിവനന്ദ.എസ്. ഡി , 8B

എന്താരു കഷ്ടം കേരളനാട്ടിൽ

അയ്യോ വയ്യേ പറയാതിരിക്കാൻ

മലയിലിരിക്കും ദേവാ നിന്നുടെ

പേരിൽ പലവിധ കലഹം തന്നെ

പൊൻമലകേറ്റം കഷ്ടം തന്നെ

പോയാൽ പിന്നെ  കലഹം തന്നെ

ഭക്തന്മാർ ഇവരാണോ പറയൂ

തല്ലും അടിപിടി കലഹം തന്നെ

നാരികൾ കേറുക നന്നാണെന്നും

നാരികൾ കേറുക നന്നെല്ലന്നും

ഇങ്ങനെ പലവിധ ചർച്ചകളെല്ലാം

കേരളനാട്ടിൽ കൊടിയേറുന്നു.

# ഓർമയിലെ തുടിപ്പുകൾ

ജോതിക ജെ നായർ , +2

ചക്രവാളത്തിലെവിടെയോ തേങ്ങുന്ന ഒരുകിളിപോലെ കരയുന്ന ഭൂമിമാതാവിന് ജീവനോ, ജീവികളോ നിലനിർത്താനുള്ള കഴിവ് നഷ്ടപ്പെട്ടിരിക്കുന്നു. ഭൂമിയിയെ നശിപ്പിക്കാനായി ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഭൂമി നമ്മളേയും സർവ്വ സസ്യജന്തുജാലങ്ങളേയും നിലനിർത്തി അവശ്യാവശ്യമായതെല്ലാം നൽകുന്നു. എന്നാൽ നമ്മളോ ഇതൊരു വലിയ ചോദ്യചിഹ്നമായി ഉയരുന്നു. കവികൾ നമ്മോട് കവിതയിലൂടെ ഒരുപ്പാട് ആശയങ്ങൾ പങ്കുവയ്ക്കുന്നു. എന്നാൽ നമ്മൾ ലാഘവത്തോടെയാണ് നോക്കികാണുന്നത്. ഒരുമാനുഷിക സ്വഭാവം പരിഗണനയും നൽകാതെ നമ്മൾ ഭൂമി മാതാവിനെ നശിപ്പിക്കുന്നു. മഴക്കായി കൊതിക്കുന്ന വേഴാമ്പലിനെ പോലെ മഴ കാത്തിരിക്കുന്ന കാത്തിരിക്കുന്നനമ്മൾ, കുന്നും മലകളും എല്ലാം നശിപ്പിക്കുന്നു.

സ്നേഹത്തിൻെറയും സാമാധാനത്തിൻെറയും പ്രതീകമായ ഭൂമിദേവി ക്ഷമയുടെ നെല്ലിപലക കണ്ടിരിക്കുന്നു. നമ്മൾ ഭൂമിയെ നിലനിർത്തുക. ഭൂമിയെ നിലനിർത്തുക. ഭൂമിയെ സ്നേഹിക്കുക. ഭൂമിയെ ഒരു ഓർമമാത്രമാക്കി മാറ്റാതെ നിലനിർത്തുന്നു.

# ഒരു യാത്രാ മൊഴി

രമാ ശ്രീകാന്ത് (അധ്യാപിക)

ഇന്ന് അപ്രതീക്ഷിതമായിട്ടാണ് ആ യാത്രയാകൽ എന്റെ കണ്ണില പെട്ടത് , വളരെ ലളിതമായ ഒരു ഒഴിഞ്ഞുപോകൽ അവർ വളരെ കുറച്ച അംഗങ്ങളേ ഉള്ളൂ ഒരു പഴയ നീല വണ്ടിയിലായിരുന്ന അവരുടെ സർവ്വ സ്വത്തുമായി അവർ യാത്രയായത് .

രണ്ടു പിഞ്ചു കുഞ്ഞുങ്ങൾ , അയാൾ , ഭാര്യ അത്രയേ ഉള്ളൂ അവരുടെ കുടുംബം . അയാള് എല്ലാ സാധനങ്ങളും ചുമന്ന കാറിൽ കയറ്റിയത് . അത്രക്കൊന്നും ഉണ്ടായിരുന്നില്ല , മുഷിഞ്ഞ കുറെ പുതപ്പും കമ്പിളിയും , പഴയ ബാഗുകൾ അത്രേയുള്ളൂ .

അവരെ യാത്രയാക്കാൻ ആരും ഉണ്ടായിരുന്നില്ല അങ്ങനെ അവർ യാത്രയായി .

എന്റെ ജനാലയ്ക്കൽ എന്നും മുറതെറ്റാതെ വിരുന്ന വരുന്ന കാട്ടുപക്ഷി കളോട് എനിക്കുള്ള അതേ സൗഹൃദം തന്നെയാണ് എനിക്കിവരോടും ഞങ്ങൾ താമസിക്കുന്ന ബിൽ ഡി ങ്ങിന്റെ നേരേ എതിർവശത്തുള്ള കെട്ടിടത്തിൽ ഉള്ള പല ഫ്ലാറ്റുകളിൽ ഞങ്ങൾക്ക് അഭിമുഖമായ ഫ്ലാറ്റിലായിരുന്ന ഇവർ . എന്റെ അടുക്കളയിലെ ജനാല തുറന്നാൽ ഞാൻ കാണുന്നതു ഇവരുടെ ഫ്ലാറ്റ് ആണ് .

ഭർത്താവും മകനും ഞാനും അടങ്ങുന്ന ഞങ്ങളുടെ ചെറിയ കുടുംബം ഈ വീട്ടിൽ താമസമാക്കിയിട്ട് ഏകദേശം രണ്ടുവർഷം കഴിഞ്ഞു . പ്രവാസജീവിതത്തിലെ ഈ കാലയളവിൽ പല പല അപ്പാർട്ട് മെന്റ് കളിൽ മാറി മാറി താമസിച്ചെങ്കിലും ഈ പാർപ്പിടത്തോടാണ് എനിക്കേറെ മമത തോന്നിയത് .

കാരണം മറ്റൊന്നുമല്ല , ഈ തുറന്നലോകത്ത് കണ്ണുകളും തുറന്ന ഞാൻ കണ്ട ജീവിതത്തെക്കാൾ അടച്ചിട്ട ഈ വീട്ടിലെ അൽപ്പം തുറന്ന ജനാലയുടെ വിടവിലൂടെ കണ്ട തുറന്നലോകം അതാണെന്നെ ആകർഷിക്കുന്നത് . ജീവിതം ഞാൻ അതിലൂടെ നോക്കിക്കാണുന്നു .

പുറത്തേക്ക് തുറക്കുന്ന ജനാലകൾ , അതിനപ്പുറത്തെ കാഴ്ചകൾ , പല നിറക്കാരും ഭാഷാക്കാരുമായ മനുഷ്യർക്കൊപ്പം എന്റെ ചങ്ങാതിമാരായ കിളികളും .

അവർക്ക് ഞാൻ മുടങ്ങാതെ കൊടുക്കുന്ന ധാന്യമണികൾ ഒരൽപ്പം താമസിച്ചാൽ എന്നെ തിരഞ്ഞുള്ള അവയുടെ പരക്കം പാച്ചിൽ , അവയുടെ ശബ്ദങ്ങളിലെയും ചിറകടി കളിലെയും ഉൽകണ്ഠ എനിക്കു മനസ്സിലാകും . എല്ലാം കൂടി എന്റെ പ്രവാസ ജീവിതത്തെ ഉന്മേഷ ഭരിതം ആക്കുമ്പോഴാണ് ഒരു ദിവസം പൊടുന്നനെ രണ്ടു പുതിയ ആൾക്കാർ എന്റെ ശ്രദ്ധയിൽപ്പെടുന്നത്. പതിവുപോലെ അന്നും ഞാൻ എന്റെ കൂട്ടുകാരായ കിളികൾക്ക് ഭക്ഷണം നല്കി അവ അത് കൊത്തി പ്പെറു ക്കുന്നതും നോക്കി ജനാലക്കരികിൽ നിൽക്കുമ്പോൾ എതിർവശത്തെ ഫ്ലാറ്റിലെ ജനാലയിൽ നിന്നും രണ്ടു കുഞ്ഞിക്കൈകൾ എന്നെ മാടി വിളിക്കുന്നു ,ആ കൈകൾക്ക് പിന്നിൽ മുതിർന്ന ആരുടെയോ നിഴലാട്ടം കണ്ടു ഞാൻ വേഗം ജനാല അടച്ചു . കാരണം ഈ മണൽ പുരപ്പിലെ കോൺ ക്രീറ്റ് വനത്തിൽ സ്ത്രീ സ്വാതന്ത്ര്യം അന്യമാനെന്ന സത്യം ഞാൻ ഓർമ്മിച്ചു . സ്വത്വത്തെ നെഞ്ചിനുള്ളിൽ അടക്കി മൃത്യുവിന്റെ നിറത്തിൽ പൊതിഞ്ഞു പുഞ്ചിരിക്കാൻ മറന്നവർ . അനന്ത വിഹായസ്സിൽ പാറിപ്പറന്നു ജീവിതം നുകരാൻ അനുഗ്രഹിക്കപ്പെട്ട അൽപ്പായുസ്സുക്കളായ പക്ഷികളുടെ സ്വാതന്ത്ര്യം പോലുമില്ലാത്ത മനുഷ്യ ജന്മങ്ങൾ .

പിന്നീടങ്ങോട്ട് എല്ലാ ദിവസവും ഞാൻ ജനാലക്കരികിലെത്തി പക്ഷികൾക്ക് ആഹാരം കൊടുക്കുന്ന സമയം എന്റെ കുഞ്ഞു കൂട്ടുകാരാൻ എന്നെനോക്കി ചിരിച്ചു കൈയ്യിളക്കി അഭിവാദ്യം ചെയ്യും . പക്ഷേ ഒരിക്കൽപ്പൊലും എനിക്കവരെ പ്രത്യഭിവാദ്യം ചെയ്യാനായിട്ടില്ല . കാരണം അവരുടെ പിന്നിലെ ആ വലിയ നിഴലാട്ടത്തെ ഞാൻ ഭയന്നിരുന്നു . എന്നെ വലയം ചെയ്തു പാരതന്ത്ര്യത്തിന്റെ മുൾമുന എന്റെ നാലു ചുറ്റിനും എന്നെ വലയം ചെയ്തിരിക്കുന്നു .

ദിവസങ്ങളും മാസങ്ങളും പിന്നിടവേ അവർ ജനാലകൾ ഒരിക്കലും അടക്കാതെയായി . എന്റെ തിരക്കുകൾക്കിടയിൽ അപൂർവ്വമായേ എനിക്കവരെ ശ്രദ്ധിക്കാനുമായുള്ളൂ . അങ്ങനെ കുറേ നാളുകൾ കഴിഞ്ഞപ്പോൾ ഒരു വെള്ളിയാഴ്ച പ്രഭാതത്തിലാണ് ചെറു ചൂടോടെ ചായ മോത്തിക്കുടിച്ചുകൊണ്ട് ഞാൻ ജനാലക്കരികിൽ നിൽക്കുമ്പോൾ അവരുടെ വീടിന്റെ ഗേറ്റ് തുറന്നു എന്റെ കുഞ്ഞുചങ്ങാതിമാർ പുറത്തേക്കിറങ്ങി , അവരുടെ പുറകേ മാതാപിതാക്കളും . അതൊരു സിറിയൻ കുടുംബം

ആയിരുന്നു .നല്ല ചന്തമുള്ള അച്ഛനും അമ്മയും . ആദ്യമായാണ് ആ കുടുംബം ഒന്നിച്ച് എനിക്കു ദൃഷ്ടി ഗോചാരമാവുന്നത് . അവധി ദിനങ്ങൾ ആഘോഷിക്കുവനായി അവർ എങ്ങോട്ടോ യാത്രയവുന്നതും നോക്കി ഞാൻ നിന്നു .

ഇപ്പോൾ ദിവസങ്ങളൊന്നും മുമ്പത്തെപ്പോലെ എനിക്കു ആവർത്തന വിരസങ്ങൾ ആകുന്നില്ല എന്നും ഓരോ പുതുക്കാഴ്ചകൾ , സംഭവങ്ങൾ . ജോലി കഴിഞ്ഞു മടങ്ങിയെത്തുന്ന ഭർത്താവിനോട് പറയാൻ എന്നും ഓരോ സംഭവങ്ങളുണ്ടായിരുന്നു .

പച്ചപുതച്ച് നിൽക്കുന്ന എന്റെ നാട്ടുപോലെയല്ല ഈ മണലാരണ്യം . ഋതുക്കൾ അതിന്റെ പരമകാഷ്ടയിൽ താണ്ഡവമാടുന്നു . മജ്ജയും മാംസവും ഉരുക്കുന്ന , രക്തം തിളപ്പിച്ച് ആവിയാക്കുന്ന കടുത്ത വേനൽക്കാലം എത്തി . എന്റെ പക്ഷികളെല്ലാം നാടോഴിഞ്ഞു അന്യ ദിക്കിലേക്കു പ്രാണരക്ഷാർത്ഥം പലായനം ചെയ്തു . ഞാനും എന്റെ ജനാല തുറക്കതെയായി .

അത്രക്കും അസഹനീയമായിരുന്നു പുറത്തെ കാലാവസ്ഥ . വേനൽക്കാലങ്ങളിൽ ഞാൻ പൂർവ്വാധികം ഭംഗിയായി എന്റെ യോഗയും നൃത്താ ഭ്യാസവും ഉഷാറാക്കി സമയം കൊന്നു . അസഹ്യമായ ചൂടിൽ പുറത്തിറങ്ങുന്ന കാര്യം ആലോചിക്കാനേ വയ്യാ . അങ്ങനെ അഞ്ചുമാസത്തെ കൊടും വേനലിനു അവധിപറഞ്ഞ ശാന്ത സുന്ദരമായ ഒരു പ്രഭാതത്തിൽ ഞാൻ ചായ ഉണ്ടാക്കാനുള്ള വട്ടം കൂട്ടുകയായിരുന്നു . അപ്പോൾ എന്റെ പിന്നിൽ ജനാലക്കൽ ടപ്പ് ടപ്പ് ടപ്പ് എന്നു ഒരു ശബ്ദം , തുടർന്നു കിളികളുടെ ശബ്ദവും . ഞാൻ തിരിഞ്ഞു നോക്കി . എനിക്കു സന്തോഷമായി . മക്കളേ ..............., ഞാൻ അറിയാതെ വിളിച്ചുപോയി എല്ലാരും എത്തിയോ ? ദേശാടനത്തിനുപോയ എന്റെ കൂട്ടുകാർ എല്ലാവരും മടങ്ങിയെത്തിയിരിക്കുന്നു . വർദ്ധിച്ച സന്തോഷത്തോടെ ആവറ്റകൾക്കായി ഞാൻ കരുതിവച്ചിരിക്കുന്ന ധാന്യം നിറച്ച പാത്രം എടുത്തു ജനാലതുറന്ന് ആഹാരം നൽകി അവയെ സ്വീകരിച്ചു . അവയിൽ ഒരുകാലില്ലാത്ത കാട്ടുപ്രാവിനെ കാണാ ഞ്ഞത് എന്റെ ഹൃദയത്തിൽ ഒരു മുള്ളുതറച്ച വേദനയാക്കി .

പെട്ടന്നു എന്റെ കണ്ണുകൾ അപ്പുറത്തെ ജനാലയിലേക്ക് പാഞ്ഞു , എന്നെയും കാത്തു ആ രണ്ടു കുരുന്നുകൾ അവിടെ ഉണ്ടായിരുന്നു . ദിവസങ്ങള് പലതു കഴിഞ്ഞു വീണ്ടും ഋതുമാറ്റം ഉണ്ടായി . കഴിഞ്ഞ ഒരാഴ്ച ആയി അവർ ജനാല അടക്കുമായിരുന്നില്ല . അതിന്റെ കാരണം എനിക്കിപ്പോളാണ് മനസ്സിലായത് .

പതിവുപോലെ ഞാൻ എന്റെ ജനാലക്കരികിൽ നിൽക്കുമ്പോൾ ആ ചെറുപ്പക്കാരൻ ഒത്തിരി ബാഗുകൾ അയാളുടെ കാറിലേക്ക് കയറ്റുന്നു , കൂടെ കുഞ്ഞുങ്ങളും ഭാര്യയും ഉണ്ട് . ആ ഒരു കാറിൽ കയറ്റാവുന്ന സാധനങ്ങൾ മാത്രമേ അവർ കൊണ്ടുപോയുള്ളൂ . എല്ലാ ലഗ്ഗേജുകളും വണ്ടിയിലാക്കി യാത്രയാകും മുന്നേ അവർ നാലുപേരും ഒരുനിമിഷം നിർന്നിമേഷരായി എന്റെ ജനലക്കലേക്ക് എന്നെ നോക്കി നിന്നു . പിന്നെ സാവകാശം വാഹനത്തിൽ കയറി യാത്രയായി . അപ്പോൾ മാത്രമാണ് ആ വേദനിപ്പിക്കുന്ന സത്യം ഞാനറിഞ്ഞത് . ഒരിക്കലും സംസാരിക്കുകയോ മറ്റോ ചെയ്തിട്ടില്ലെങ്കിലും ആ കുടുംബവും ഞാനും തമ്മിൽ ഒരു നേർത്ത നൂലിൽ കോർത്ത ബന്ധം ഉണ്ടായിരുന്നു എന്നത് .

സാവകാശം നീങ്ങുന്ന കാർ നോക്കി നിൽക്കെ എനിക്കു കണ്ണീരൊതുക്കനായില്ല . തേങ്ങലോടെ ഞാൻ കൈവീശി അവർക്ക് യാത്രാമൊഴി നേർന്നു . എന്റെ ജനാലയുടെ താഴെ പൂത്തുലഞ്ഞു നിന്ന ബോഗൺവില്ലകൾ പൂക്കൾ നിറഞ്ഞ ചില്ലകൾ ഇളക്കി അവരെ യാത്രയാക്കി . അവയിലിരുന്ന ചെറുകിളികൾ അവർക്കു യാത്രാ മംഗളങ്ങൾ പാടി .

# IMPORTANCE OF SELF CONFIDENCE

Gouri , +2SA

*In our life , these are so many adverse situations that we need to face. One has to be self confident enough to face adverse atmosphere. We should trust over selves and we must not try to depress those who loves us. We have very short duration to lead our life,it should be in a happier way. 'Self-confidence' is the quality one can achieve alone. We must regard confidence as a powerful weapon to fight against our enemies. We must choose a better path in the life for the successful career. A lot of problems may block our path but we should posses enough courage to face them. Being confident is the thing a bit difficult to us but once it is achieved will last for a long time. We experience a lot of problems in our life that gives us confidence. We have a lot commitments and duties in our life. We should be confident to choose our career and a good job. The lessons we have learned is all about the confidence and it's growth in us. May the supreme power the almighty gives strength to lead our journey. We can hope that no obstacle ever stops our path. We can make our life in these beautiful planet earth an enjoyable one. These is one life for all and we can make it pleasant. These are so many examples in front of us which makes us more brilliant and boost up the energy. So may the confidence helps to enjoy our life.*

# TEACHER

SUPRIYA.S , +2 S A

*Everyday you come before us with*

*A beautiful smile.*

*You makes us happy,even if*

*you have pain inside.*

*I t's not for the money, you do*

*But for the love you have inside.*

*You built me with confidence and*

*Goodness which are more in you.*

*What we will be tomorrow is*

*Only because of you.*

*So we like teacher's*

*Very much inside our heart's.*

# NATURE

Supriya.s , +2.S.A

*Nature the only medicine to*
*Get relife from the tension.*
*Our mind fills with happiness*
*When we enjoy the nature's beauty.*

*The world will be a tomb*
*Without the presence of nature.*
*When we see the rainbow,*
*Our mind slides over it.*

*If we see the waterfall*
*We feel fresh inside us.*
*God is so creative,*
*So he created the nature.*

*Nothing is precious*
*In front of our nature.*
*The sights and sounds of the nature's*
*Cannot be compared to anything.*

# FRIENDSHIP

ABHIRAMI S , +1 SB

*My eyes are blinking*
*and struck at the stars.*
*The stars are twinkling*
*like sporty in Mars*

*The earth is rounding*
*But i, and she at waiting*
*For those thing to happen*
*In door beauty cutie life*

*My words are dancing*
*My heart too during*
*As she is struggling has breath*
*To be with last*

*My dear washed her face*
*My tears washed her face*
*My words preyed to god*
*as i need her bands*
*to live long in earth.*

# FANTASTIC FACTS

SHIBINA S.S , +2SA

*1) Most dinosaurs were plant eaters not meat eaters.*

*2) Most spiders have eight eyes. Some have no eyes and other have as many as 12 eyes.*

*3) A cat's whisker are so sensitive that they can detect the slightest directional change in a breeze.*

*4) A caterpillar grows to about 27000 time a the size it was when it first emerged from its egg.*

*5) The bird eating spiders of the Amazon rainforest can grow as big as a dinner plate.*

# FUN FACTS

SUPRIYA.S , +2 S.A

- *The number 'four' is the only number that as the same number of alphabets or letters.*
- *Did you know kangaroos cannot walk backwards.*
- *Did you know that rabbits and parrots can see what is behind them with out turning their heads.*
- *Australia is the only continent in the world that has no volcanoes.*
- *The eight tower will be taller turning summer.*
- *20% of earth oxygen is produced by the amazon rain forest.*
- *The average time it takes for plastic to decompose is 450 years and glass takes 4000 years.*
- *Octopuses have three hearts ,isn't that a strange fact.*
- *The strawberry is the only fruit that bears its seeds outside,(about 200 seeds).*
- *Apple is 25% of air, that is why it floats on water.*

  *An ostrich's eye is bigger than its brain.*

# धरती की आँसू ।

अल्फा जे एस , +1 एस . बी

खुशी सी आई वषाृ,
धीरे सी आई वषाृ ।
सबका मन को खुशी,
मनाकर आया है वषाृ ।

धीरे सी बाढ हुआ वषाृ,
सबका जीवन छीनलिया वषाृ ।
धरती की आँसू है,
मेरी प्यारी वरष ।

वषाृ की हाथों,
सबको रो दिया ।
धीरे से आया वषाृ,
धीरे से बाढ बना वषाृ ।

धीरे से धरती की आँसू आई,
धीरे से सबका जान से
चली गई वषाृ ।



**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2018-19**